ഹരിജനങ്ങൾക്കുണ്ടാകുന്ന ഉപദ്രവങ്ങളെപ്പറ്റി മുഖ്യമന്ത്രിക്ക് അയച്ച നിവേദനം.

323 [10] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം താലൂക്കിൽ അഞ്ചൽ പകുതിയിൽ ഏരൂർ മുറിയിൽ ഏഴംകുളം കൊച്ചാഞ്ഞിലിമൂട് ചതുപ്പിൽ താമസക്കാരായ ഹരിജനങ്ങൾക്ക് മണ്ണിമല കൃഷ്ണപിള്ള എന്നൊരാളിൽനിന്നും മറ്റും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെപ്പറ്റി ഗവണ്മെൻറിനു എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതേപ്പറ്റി എന്തു നടപടി നടത്തി ;

(സി) കൊല്ലം എം. എൽ. എ. മുഖ്യമന്ത്രിക്കയച്ചതും എച്ച്. 4. 16903/54/സി. എസ്. (Home Dept.) നമ്പരായി മെമ്മോ നൽകിയതുമായ ഹർജിയെപ്പറ്റി എന്തെല്ലാം അന്വേഷണം നടത്തി ;

(ഡി) ഹർജിയിലുണ്ടായിരുന്ന പരാതികൾ എന്തെല്ലാം ;

(ഇ) ഇതിന്മേൽ എന്തു നടപടി നടന്നു ;

(എഫ്) ഈ ചതുപ്പിലെ താമസക്കാരെപ്പറ്റിയും മറ്റു പിന്നാക്കസമുദായോദ്ധാരണ വകുപ്പ് അദ്ധ്യക്ഷൻ എന്തെങ്കിലും റിപ്പോർട്ട് കൊടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പരാതിപ്പെട്ടിരുന്ന കാര്യങ്ങളെപ്പറ്റി അന്വേഷണങ്ങൾ നടന്നു.

(സി) മുഖ്യമന്ത്രിക്ക് അയച്ചിരുന്ന ഹർജിയെപ്പറ്റി അന്വേഷണം നടത്തി വേണ്ട നടപടികളെടുത്ത് റിപ്പോർട്ട് ചെയ്യുവാൻ പോലീസ് ഡിപ്പാർട്ടുമെൻറിലേയ്ക്കയച്ചിട്ടുണ്ട്.

(ഡി) അനധികൃതമായ വിളവെടുപ്പ്, ആക്രമണം, കുടിലുകൾ തീവയ്പ്, കുടികിടപ്പുകാരെ ഉപദ്രവമേൽപ്പിക്കുക മുതലായവ.

(ഇ) കുറെക്കാരുടെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നിയമപ്രകാരം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(എഫ്) ഇല്ല.

കോർട്ടേഴ്സ്.

324. [13] ശ്രീ. കെ. എസ്. കൃഷ്ണൻശാസ്ത്രി : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർക്കു താമസിക്കുന്നതിനു് കോർട്ടേഴ്സ് കെട്ടിക്കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

(സി) കോർട്ടേഴ്സ് കെട്ടിക്കൊടുത്തിട്ടില്ലാത്ത സ്ഥലങ്ങളിൽ കെട്ടിക്കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) മാവേലിക്കര പോലീസ് സ്റ്റേഷനിൽ പോലീസുകാർക്ക് കോർട്ടേഴ്സ് കെട്ടിക്കൊടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില സ്ഥലങ്ങളിൽ കെട്ടിക്കൊടുത്തിട്ടുണ്ട്.

(ബി) 1. കഠിനംകുളം, 2. പാങ്ങോട്ട്, 3. വിതുര, 4. പനച്ചമൂട്, 5. ആര്യവാമൊഴി, 6. ഇടലാക്കുടി, 7. ആര്യക്കറ, 8. കുത്തിയതോട്ട്, 9. പുളിംകുന്ന്, 10. മണ്ണഞ്ചേരി, 11. പുലിയറ, 12. ആയ്ങ്കാവ്, 13. ദേവികുളം, 14. ഉടുമ്പൻചോല, 15. വണ്ടിപ്പെരിയാർ, 16. പീരുമേട്, 17. മുണ്ടക്കയം, 18. കറുകച്ചാൽ, 19. പാമ്പാടി, 20. മൂന്നാർ, 21. തലയാർ, 22. ചിറ്റൂപുരം, 23. ശാന്തൻപാറ, 24. നേര്യമംഗലം, 25. കുമിളി, 26. ചെല്ലാർകോവിൽ, 27. വടക്കാഞ്ചേരി, 28. മനന്തവാടി, 29. എറണാകുളം നോർത്ത്, 30. കൊച്ചി ഹാർബർ, 31. നെന്മാറ, 32. കൊഴിഞ്ഞാമ്പാറ, 33. ചിറ്റൂർ, 34. ഞാറയ്ക്കൽ, 35. അങ്കമാലി, 36. ചാലക്കുടി, 37. മാള, 38. ഇരിഞ്ഞാലക്കുട, 39. കുന്നംകുളം, 40. മട്ടാഞ്ചേരി, 41. തൃപ്പയാർ, 42. കുറുപ്പടന്ന, 43. ചെറുതുരുത്തി, 44. കാലടി, 45. എരുമപ്പെട്ടി, 46. മുളന്തുരുത്തി, 47. കൊടനാട്, 48. തിരുവില്വാമല, 49. പാടശ്ശിരി, 50. മീനാക്ഷിപുരം, 51. പുട്ടിക്കാട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

Sweepers of Primary Schools.

325. [24] **Shri M. M. Mathai**: Will the Chief Minister be pleased to state:

(*a*) what is the pay and allowance given to the sweepers of primary schools;

(*b*) does the Government think that the amount given to them is too meagre; and

(*c*) will the Government kindly raise their pay and allowance?

Answer.

(*a*) Rs. 10-8-0 per mensem.

(*b*) No.

(*c*) The sweepers of Primary Schools are only part-time employees. They have to attend to the work in the school only in the morning and after that they are free to take up any work elsewhere. So the question of rising their pay does not arise.

LIBRARY ARCHIVES Kerala Legislative Assembly